ഷിബു	16.11.2000
മണിച്ചൻ എന്ന ചന്ദ്രൻ	26.11.2000
ഷാബു എന്ന മുഹമ്മദ് ഷാജി	2.12.2000
കൊട്ടാരക്കര പി.എസ്. ക്രൈം 809/2000	
സുരേഷ്	2.11.2000
സുജിത്	2.11.2000
ദിലീപ്	8.11.2000
കുഞ്ഞുമോൻ എന്ന ഷൈജു	16.12.2000
ശശികുമാർ	5.12.2000
ഷിബു	5.12.2000
കൊട്ടാരക്കര പി.എസ്. ക്രൈം 810/2000	
സുജിത്	2.11.2000
സുരേഷ്	2.11.2000
ദിലീപ്	8.11.2000
കൊച്ചനി	(8.11.2000-ൽ പരവൂർ കോടതിയിൽ കീഴടങ്ങി)
കൊട്ടാരക്കര പി.എസ്. ക്രൈം 811/2000	
സുരേഷ്	2.11.2000
ദിലീപ്	8.11.2000
സുജിത്	2.11.2000
കൊച്ചനി	(8.11.2000-ൽ പരവൂർ കോടതിയിൽ കീഴടങ്ങി)
സത്യൻ	23.10.2000
സോമൻ	23.10.2000
കുന്നിക്കോട് പി.എസ്. ക്രൈം 309/2000	
മനോഹരൻ	2.11.2000

(എഫ്) ഉണ്ട്.

(ജി) റെയിഡുകൾ നടത്തുകയും വാഹന പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.

(എച്ച്) ഉദിക്കുന്നില്ല.

114 (132) അബ്കാരി കരാറുകാരന്റെ വീടിനു മുകളിൽ സ്ഥാപിച്ച വയർലസ് ടവർ

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നല്കുമോ :

(എ) ചിറയിൻകീഴിലെ അബ്കാരി കരാറുകാരന്റെ വീടിനു മുകളിൽ സ്ഥാപിച്ച വയർലെസ് ടവറിന്റെ വിശദാംശങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) ഈ ഉപകരണം ആരാണ് അദ്ദേഹത്തിന് നല്കിയത് എന്നറി വായിട്ടുണ്ടോ;

(ഡി) ഇത് പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നും തട്ടിയെടുത്തതാ ണെന്ന് തെളിഞ്ഞിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന് ഉത്തരവാദികൾ ആരാണെന്ന് വെളിപ്പെടു ത്തുമോ?

ഉത്തരം

(എ, ബി) ഉണ്ട്. കോഡ്‌ലെസ് ടെലിഫോണിന് ഉപയോഗിക്കുന്ന "ഗ്രൗണ്ട് പ്ലെയിൻ" ആന്റിനയും ടെലിവിഷൻ പരിപാടികൾ പിടിച്ചെടുക്കുന്ന തിനുള്ള "ഡിഷ്" ആന്റിനയും ആണ് അബ്കാരി കരാറുകാരന്റെ വീടിനു മുകളിൽ സ്ഥാപിച്ചിരുന്നത്. ടി ആന്റിനകൾ പോലീസ് വാർത്താവിനിമയ ഉപ കരണങ്ങളിൽ ഉപയോഗിക്കുന്ന തരത്തിലുള്ളതല്ല.

(സി) മുകളിൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇതേ ക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തിയിട്ടില്ല.

(ഡി) ടി തരത്തിലുള്ള ആന്റിനകൾ പോലീസ് വകുപ്പിന്റെ വാർത്താ വിനിമയത്തിന് ഉപയോഗിക്കുന്ന തരത്തിലുള്ളതല്ല.

(ഇ) (ഡി) പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദി ക്കുന്നില്ല.

115 (133) മദ്യദുരന്തം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് ഈയിടെ ഉണ്ടായിട്ടുള്ള മദ്യദുരന്തം മൂലം എത്ര പേർ മരിച്ചിട്ടുണ്ടെന്നും എത്ര പേരുടെ കാഴ്ച നഷ്ടപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) മദ്യദുരന്തം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും, രോഗിക ളായിത്തീർന്നവർക്കും വേണ്ടി എന്തെല്ലാം ആശ്വാസനടപടികളാണ് ഗവൺ മെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മദ്യദുരന്തവുമായി ബന്ധപ്പെടുത്തി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31 പേർ മരണമടയുകയും മൂന്നു പേർക്ക് പൂർണ്ണമായും കാഴ്ച നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly